**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **21-03-2025 - ൽ മറുപടിയ്ക്ക്**

**വിദേശ സർവകലാശാലയുമായുള്ള സംയുക്ത ഗവേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര നിലവാരം ആർജ്ജിക്കുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പരിവർത്തനം ചെയ്യുന്നതിന് വിദേശ സർവകലാശാലകളുമായുള്ള സഹകരണം എത്ര മാത്രം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ ആർജ്ജിച്ച നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്രതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തെ സർവകലാശാലകൾ വിദേശ സർവകലാശാലകളുമായി ക്രിയാത്മകമായ സഹകരണം നടത്തുന്നുണ്ട്.<br><br>**കേരള സർവകലാശാല**<br><br>അന്താരാഷ്ട്ര നിലവാരം ആർജ്ജിക്കുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പരിവർത്തനം ചെയ്യുന്നതിന് 14 ഓളം വിദേശ രാജ്യങ്ങളുമായി ചേർന്ന് 22 ധാരണാപത്രങ്ങൾ കേരള സർവകലാശാല ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി ഗവേഷണ രംഗത്തും മുൻനിരയിൽ നിൽക്കുന്ന അന്താരാഷ്ട്ര സർവകലാശാലകളുമായി യോജിച്ച് പ്രവർത്തിക്കുവാനാകുന്നു. ഇത് വിദ്യാർത്ഥികൾക്ക് വലിയ രീതിയിലുള്ള സാധ്യതകൾ നൽകുന്നു. Faculty/ Student Exchange Programme-കളുടെ ഭാഗമായി സർവകലാശാലയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശസർവകലാശാല കളിലേക്ക് വിവിധ ഗവേഷണ/പഠന സംബന്ധമായ പ്രോഗ്രാമുകളിൽ പങ്കെടുക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷകരോട് സംവദിക്കുവാനും പരസ്പരം അവസരം ലഭിക്കുന്നു.<br><br>**എം.ജി. സർവകലാശാല**<br><br>നിലവിൽ മഹാത്മാഗാന്ധി സർവകലാശാല താഴെ പറയുന്ന വിദേശ സർവകലാശാലകളുമായി |

അക്കാദമിക - ഗവേഷണ മേഖലകളിൽ പരസ്പര സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട് :

1. Institute of Physics Belgrade (IPB), Serbia

2. Ghent University, Belgium

3. Radboud University,The Netherlands

4. M.Auezov South Kazkhstan University, South Kazkhstan

5. Jimma University, Ethiopia

6. Coppin State University, USA

7. James Cook University, Australia

8. Adelphi University College of Education and Health Sciences, USA

9. Hasan Kalayoncu University,Turkey

10. Lincoln University college, Malaysia

ഇതുമൂലം സർവകലാശാലയിലെ വിദ്യാർത്ഥികൾക്ക്, വിദേശ സർവകലാശാലകളിൽ പ്രോജക്റ്റ് ചെയ്യുന്നതിനും ഗവേഷണത്തിൽ ഭാഗമാകുന്നതിനും ഹൈ ഇമ്പാക്ട് പബ്ലിക്കേഷൻസ്, ബുക്കുകൾ, ബുക്ക് ചാപ്റ്ററുകൾ മുതലായവ പബ്ലിഷ് ചെയ്യുന്നതിനും നിരവധി പേറ്റന്റുകൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ വിദേശ സർവകലാശാലകളിലെ അധ്യാപകരും വിദ്യാർത്ഥികളും സർവകലാശാലയിൽ സന്ദർശനം നടത്തുകയും ചെയ്തു വരുന്നു.

**കാലിക്കറ്റ് സർവകലാശാല**

ഗവേഷണ മേഖലയിൽ ബോട്ടണി, കെമിസ്ട്രി ഉൾപ്പടെ കാലിക്കറ്റ് സർവകലാശാലയിലെ നിരവധി പഠനവകുപ്പുകൾ വിദേശ സർവകലാശാലകളുമായി ഗവേഷണ സഹകരണത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയുടെ ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇക്കാര്യങ്ങൾ വിശകലനം ചെയ്യാറുണ്ട്.

**കണ്ണൂർ സർവകലാശാല**

സർവകലാശാല അക്കാദമിക ഗവേഷണ രംഗങ്ങളിലെ സഹകരണത്തിനായി താഴെ പറയുന്ന വിദേശ സർവകലാശാലകൾ/സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രങ്ങൾ/കരാറുകൾ ഒപ്പിട്ടിട്ടുണ്ട് :

- Oregon State University College of Forestry, United States of America.
- University of Erfurt, Germany.
- Atlantic Technological University, ATU Sligo, Ireland.
- Modeling for Human and Nature Interactions Group, University of Geneva, Switzerland.
- Universidad Autonoma De Nuevo Leon, Mexico
- Maldives National University (MNU), Maldives
- University of West London, RAK Branch Campus, UAE

**<u>കുസാറ്റ്</u>**

അക്കാദമികവും ഗവേഷണപരവുമായ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കൊച്ചി സർവകലാശാല നാൽപ്പതിലധികം വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്.

റഷ്യയിലെ സെയിന്റ് പീറ്റേഴ്സ്ബർഗ് ഇലക്ട്രോ ടെക്നിക്കൽ സർവകലാശാല (ETU "LETI")യുമായി ചേർന്ന് CUSAT 2024-25 അധ്യയന വർഷത്തിൽ "New Generation of Electronic Component Base" എന്ന ദ്വയ ബിരുദ MS പ്രോഗ്രാം ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ ആദ്യ വർഷം CUSAT-ലും രണ്ടാമത്തെ വർഷം ETU "LETI"-യിലുമായാണ് പഠനം പൂർത്തിയാക്കുക. ഇതുമൂലം CUSAT-ലെ വിദ്യാർത്ഥികൾക്ക് കുറഞ്ഞ സാമ്പത്തിക ചെലവിൽ അന്താരാഷ്ട്ര അംഗീകൃത ബിരുദം നേടാൻ അവസരം നൽകുന്നു. മികച്ച അക്കാദമിക പ്രകടനം കാഴ്ചവയ്ക്കുന്ന അഞ്ച് പേർക്ക് ETU "LETI"യിൽ രണ്ടാം വർഷത്തേക്കുള്ള ട്യൂഷൻ ഫീസ് പൂർണമായും ഒഴിവാക്കപ്പെടും. ഈ പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക്സ് ഡിസൈൻ, സെമികണ്ടക്ടർ സാങ്കേതികവിദ്യ, ഇലക്ട്രോ-ഫിസിക്കൽ മോഡലിംഗ് തുടങ്ങിയ മേഖലകളിൽ ആഴത്തിലുള്ള ബോധ്യവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാകുന്നു.

ചെന്നൈയിലെ യു.എസ്. കോൺസുലേറ്റിലെ പബ്ലിക് അഫയേഴ്സ് സെക്ഷനുമായി സഹകരിച്ച്, സർവകലാശാല ക്യാമ്പസ്സിൽ ഒരു "American Corner" സ്ഥാപിതമായി. ഇത് CUSAT-ലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അക്കാദമികപരമായി ഏറെ ഗുണകരമാകുന്ന ഒരു സംരംഭമാണ്. ഈ കേന്ദ്രം വഴി ഗവേഷണത്തിനും പ്രായോഗിക പഠനത്തിനുമുള്ള വ്യാപകമായ ഡിജിറ്റൽ വിഭവങ്ങൾ, പരിശീലന പരിപാടികൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ ലഭ്യമാകുന്നു. കൂടാതെ, അമേരിക്കയിലെ പ്രമുഖ ഗവേഷണ, വ്യവസായ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ഇതുവഴി അവസരമൊരുങ്ങും . സർവകലാശാലയ്ക്ക് പുറത്തുള്ള പൊതുജനങ്ങൾക്കും ഈ കേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

ജെയിംസ് കുക്ക് സർവകലാശാല, ഓസ്ട്രേലിയയുമായി സഹകരിച്ച് CUSAT അന്താരാഷ്ട്ര ഡ്യുവൽ മാസ്റ്റേഴ്സ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (IDMPM) ആരംഭിച്ചു. ഈ 1+1 MBA പ്രോഗ്രാമിൽ വിദ്യാർത്ഥികൾക്ക് ആദ്യ രണ്ട് സെമസ്റ്ററുകൾ CUSAT-ലും അവസാന രണ്ട് സെമസ്റ്ററുകൾ ജെയിംസ് കുക്ക് സർവകലാശാല, ഓസ്ട്രേലിയയിലുമായാണ് പൂർത്തിയാക്കാനാവുക. ആഗോളതലത്തിൽ അംഗീകരിച്ച രണ്ട് എം.ബി.എ ബിരുദങ്ങൾ ലഭ്യമാകുന്ന ഈ പ്രോഗ്രാം ബിസിനസ് മാനേജ്മെന്റ് മേഖലയിൽ കരിയർ സാധ്യതകൾ മെച്ചപ്പെടുത്തുന്നു.

മറൈൻ സയൻസ് മേഖലയിൽ ഗവേഷണം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി UK Blue Planet Fund ന്റെ സഹായത്തോടെ Association of Commonwealth Universities മുഖേന CUSAT-ലെ 10 മറൈൻ സയൻസ് വിദ്യാർത്ഥികൾക്ക് OCPP സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

ഈ അന്താരാഷ്ട്ര സഹകരണങ്ങൾ വിദ്യാർത്ഥികൾക്ക് ആഗോളതലത്തിലുള്ള വിദ്യാഭ്യാസം, ഗവേഷണ അവസരങ്ങൾ, വിവിധ രാജ്യങ്ങളിൽ തൊഴിൽ സാധ്യതകൾ, മികച്ച ഉപകരണങ്ങളോടും വിദഗ്ധന്മാരോടും ചേർന്ന് പഠിക്കാൻ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നു.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല**

- സർവ്വകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം,

| | | | |
|---|---|---|---|
| | | | Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>• വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ സംസ്കൃത സർവകലാശാലയെ പാർട്ണർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭിച്ചിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് Central European University യുമായി Inter Institutional Agreement സർവകലാശാല ഒപ്പ് വച്ചിട്ടുണ്ട്.<br>• അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ, സംസ്കൃത സർവകലാശാല ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ ഇറാസ്മസ് മുണ്ടസ് ജോയിന്റ് എംഎ പ്രോഗ്രാം (EMJM)-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>• സംസ്കൃത സർവകലാശാലയും Groningen യൂണിവേഴ്സിറ്റിയും തമ്മിൽ Student and Staff exchange-ന് ധാരണപത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>ഗുണ്ടർട്ട് ചെയറിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ജർമ്മനിയിലെ ടൂബിംഗൻ സർവകലാശാലയുമായി അക്കാദമിക സഹകരണത്തിന് കരാർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിന് വിവിധ സർവകലാശാലകളിൽ നടന്നുവരുന്ന |

പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

**<u>കേരള സർവകലാശാല</u>**

ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി Translational Research and Innovation Centre (TRIC-KU) വഴി ഗവേഷണ ഫലങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സർവകലാശാലയുടെയും, അഫിലിയേറ്റ് ചെയ്തിട്ടുള്ള റിസർച്ച് സെന്ററുകളിലെയും ഗവേഷകർക്ക് Patent, Technology transfer, Incubation Centre, Start-up Section 8 Companiesഎന്നിങ്ങനെ സേവനങ്ങൾ ലഭ്യമാക്കുന്നത് സുഗമമാക്കും. നിലവിലെ ഗവേഷണ മേഖലകളിൽ സുസ്ഥിര വികസനത്തിലൂന്നിയ പ്രവർത്തനങ്ങൾക്ക് സർവകലാശാല പ്രാധാന്യം നൽകുന്നുണ്ട്.

**<u>എം.ജി. സർവകലാശാല</u>**

സർവകലാശാലയിലെ പഠനവകുപ്പുകളുടെ കീഴിൽ ചുവടെ പറയുന്നതടക്കമുള്ള പുതിയ ഗവേഷണമേഖലകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് :

- Nanomedicine
- Nanocomposites
- Nanomaterials for Water Purification
- Electrospun Nanomaterials for Wound Healing
- Nanomaterials for EMI Shielding
- Nanomaterials for Energy Storage
- Hydrogen Production
- Tribo-Electric Nanogenerator
- Piezo-Electric Nanogenerator
- Batteries, Solar Cells, Fuel Cells, Super Capacitors etc.

**<u>കാലിക്കറ്റ് സർവകലാശാല</u>**

കാലിക്കറ്റ് സർവകലാശാല മറ്റ് വിദേശ ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത പി.എച്ച്.ഡി. ബിരുദ പ്രോഗ്രാം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസർച്ച് റെഗുലേഷൻസ് 2023 -ൽ പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

യൂണിവേഴ്സിറ്റി ഓഫ് ശ്രീലങ്ക; യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് ലണ്ടൻ; ഹൂനൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ്, ഹൂനൻ, ചൈന; യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ; മാർക്യൂറ്റ് യൂണിവേഴ്സിറ്റി, യു.എസ്.എ; യൂണിവേഴ്സിറ്റി ഓഫ് എൻ.ഐ.എസ്, സെർബിയ എന്നീ വിദേശ സർവകലാശാലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിവിധ അന്താരാഷ്ട്ര സെമിനാറുകൾ നടത്തിയിട്ടുണ്ട്.

സർവകലാശാലയിലെ ഗവേഷകർ വിദേശ സർവകലാശാലകളുമായി കൊളാബറേറ്റ് ചെയ്ത് നടത്തിയ ഗവേഷണങ്ങൾ വിവിധ അന്താരാഷ്ട്ര ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കണ്ണൂർ സർവകലാശാല**

പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സർവകലാശാല പഠന വകുപ്പുകളിൽ താഴെ കൊടുത്തിട്ടുള്ള മൂന്നു ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട് :

1) Centre for Proteomics & Genomics Research (CPGR)

2) Centre for Quantum Computing

3) Centre for Atmospheric Sciences and Coastal Ecosystem Studies (CASCES)

**കുസാറ്റ്**

കൊച്ചി സർവകലാശാലയിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു അക്കാദമിക് റിവ്യൂ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കൊച്ചി സർവകലാശാലയിൽ റിസർച്ച് ഡവലപ്പ്മെന്റ് സെൽ (RDC) രൂപീകരിച്ചിട്ടുണ്ട്.

കൊച്ചി സർവകലാശാലയിലെ പുതിയ ഫാക്കൽറ്റികൾക്ക് ഗവേഷണ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സീഡ് മണി ഗ്രാന്റ് ലഭ്യമാക്കുന്നുണ്ട്.

ഇന്റർനാഷണൽ കൊളാബറേഷന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ പോകുമ്പോൾ ഫാക്കൽറ്റി

മെമ്പർമാർക്ക് റൂസ ട്രാവൽ ഗ്രാന്റ് നൽകിവരുന്നു. സർവകാലാശാലയിൽ ആരംഭിച്ചിരിക്കുന്ന നൂതന സെന്ററുകൾ മുഖേന ശാസ്ത്ര സാങ്കേതിക സമുദ്ര പഠന രംഗത്തുള്ള ഗവേഷണ പ്രവർത്തനങ്ങൾ പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി കൊച്ചി സർവകലാശാല ലക്ഷ്യമിടുന്നുണ്ട്.

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**

അന്താരാഷ്ട്ര നിലവാരം ആർജ്ജിക്കുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പരിവർത്തനം ചെയ്യുന്നതിന് വിദേശ സർവകലാശാലകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിന് സംസ്കൃത സർവകലാശാല നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- സർവകലാശാലയിൽ വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ സംസ്കൃത സർവകലാശാലയെ പാർട്ണർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭിച്ചിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് Central European University യുമായി Inter Institutional Agreement-സർവകലാശാല ഒപ്പുവച്ചിട്ടുണ്ട്.
- അന്താരാഷ്ട്ര അക്കാദമിക് സഹകരണത്തിലെ ഒരു സുപ്രധാന നാഴികക്കല്ല് എന്ന നിലയിൽ, സംസ്കൃത സർവകലാശാല ഗ്രോണിൻഗെൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ (യുഎൻഎഎം) എന്നിവ ഉൾപ്പെടുന്ന സംയുക്ത സംരംഭമായ

| | | | |
|---|---|---|---|
| | | | ഇറാസ്മസ് മുണ്ടസ് ജോയിന്റ് എംഎ പ്രോഗ്രാം (EMJM)-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>• സംസ്കൃത സർവ്വകലാശാലയും Groningen യൂണിവേഴ്സിറ്റിയും തമ്മിൽ Student and Staff exchange-ന് ധാരണപത്രത്തിൽ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>പുതിയ ഗവേഷണ മേഖലകൾ കണ്ടെത്തിയിട്ടുള്ള ഗവേഷകർക്ക് ഗവേഷണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സർവകലാശാല നൽകിവരുന്നുണ്ട്.<br><br>**<u>എ.പി.ജെ. അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാല</u>**<br><br>പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സാങ്കേതികശാസ്ത്ര സർവകലാശാലയുടെ പുതിയ ക്യാമ്പസിൽ ഒരു ട്രാൻസ്ലേഷനൽ റിസർച്ച് സെൻറർ സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു, കൂടാതെ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നൂതന ഗവേഷണ മേഖലകളിൽ മൂന്ന് സെന്റേർസ് ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വിദേശ സർവകലാശാലകളുമായി സംയുക്തഗവേഷണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചതിന് ശേഷമുണ്ടായ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **<u>കേരള സർവകലാശാല</u>**<br><br>Faculty/ Student Exchange Programme കളുടെ ഭാഗമായി കേരള സർവകലാശാലയിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശ സർവകലാശാലകളിലേക്ക് വിവിധ ഗവേഷണ/പഠന സംബന്ധമായ പ്രോഗ്രാമുകളിൽ പങ്കെടുക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷകരോട് സംവദിക്കുവാനും പരസ്പരം അവസരം ലഭിക്കുന്നു.<br><br>**<u>എം.ജി. സർവകലാശാല</u>**<br><br>മഹാത്മാഗാന്ധി സർവകലാശാല ചുവടെ ചേർത്തിട്ടുള്ള വിദേശ സർവകലാശകൾ / സ്ഥാപനങ്ങളുമായി പ്രോജക്റ്റ് കരാർ ഒപ്പുവച്ചിട്ടുണ്ട് :<br><br>1. Academy of Korean Studies, The Republic of Korea.<br><br>2. Korea Foundation, The Republic of Korea.<br><br>3. The UniKorea Foundation, The Republic of Korea. |

4. The British Library Board, UK.

ഇവയിലൂടെ വിദേശ സർവകലാശാലകളിലെ അധ്യാപകരെയും വിദ്യാർത്ഥികളെയും സർവകലാശാലയിലേക്ക കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. സംയുക്ത ഗവേഷണ ഫലമായി ധാരാളം കോൺഫറൻസുകൾ സംഘടിപ്പിക്കുന്നതിനും ഗവേഷണ ഗ്രന്ഥങ്ങൾ പബ്ലിഷ് ചെയ്യുന്നതിനും, പേറ്റന്റുകൾ ലഭ്യമാക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാല**

വിദേശ സർവകലാശാലകളുമായി ജോയിന്റ് ഡിഗ്രി പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി ജർമ്മനിയിലെ എർഫർട് യൂണിവേഴ്സിറ്റിയുമായി ധാരണപത്രം ഒപ്പിടുകയും ജോയിന്റ് ഡിഗ്രി പ്രോഗ്രാം ആരംഭിക്കുകയും ചെയ്തു. നിലവിൽ ഒരു വിദ്യാർത്ഥി ജോയിന്റ് ഡിഗ്രി പ്രോഗ്രാമിന്റെ ഭാഗമായി ഗവേഷണം നടത്തുന്നുണ്ട്.

**കണ്ണൂർ സർവകലാശാല**

- സർവകലാശാല അക്കാദമിക ഗവേഷണ രംഗങ്ങളിലെ സഹകരണത്തിനായി താഴെ പറയുന്ന വിദേശ സർവകലാശാലകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രങ്ങൾ/കരാറുകൾ ഒപ്പിട്ടിട്ടുണ്ട് :
- Oregon State University College of Forestry, United States of America.
- University of Erfurt, Germany.
- Atlantic Technological University, ATU Sligo, Ireland.
- Modeling for Human and Nature Interactions Group, University of Geneva, Switzerland.
- Universidad Autonoma De Nuevo Leon, Mexico
- Maldives National University (MNU), Maldives
- University of West London, RAK Branch Campus, UAE

കൂടാതെ, University of Erfurt, Germany യുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ ഭാഗമായി 2022-23 അക്കാദമിക വർഷത്തിൽ രണ്ട വിദേശ വിദ്യാർത്ഥികളും 2023-24 അക്കാദമിക വർഷത്തിൽ ഒരു വിദേശ വിദ്യാർത്ഥിയും കണ്ണൂർ

| | | | |
|---|---|---|---|
| | | | സർവകലാശാലയുടെ വിവിധ വകുപ്പുകളിൽ പഠനം നടത്തിയിട്ടുണ്ട്.<br><br>**<u>കുസാറ്റ്</u>**<br><br>താഴെ കൊടുത്തിരിക്കുന്ന യൂണിവേഴ്സിറ്റികളുമായി CUSAT എക്സ്ചേഞ്ച് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി നിരവധി വിദ്യാർഥികൾ വിദേശ സർവകലാശാലകളിൽ പഠനം നടത്തിവരുന്നു.<br><br>• University of Gotherburg, Sweden ആയുള്ള കരാറിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി Twinning Programme നടന്നുവരുകയും ആയതിന്റെ ഭാഗമായി വിദ്യാർഥികൾ വിദേശത്ത് പഠനം നടത്താനുള്ള അവസരങ്ങൾ ഒരുങ്ങുകയും ചെയ്യുന്നുണ്ട്.<br>• ENSSAT, University of Rennes, France- International Cooperation Agreement ന്റെ ഭാഗമായി വിദ്യാർത്ഥികൾക്കുള്ള എക്സ്ചേഞ്ച് പ്രോഗ്രാം നടന്നുവരുന്നു. ഈ വിദേശ സർവകലാശാലയിൽ നിന്നുള്ള 6 വിദ്യാർത്ഥികൾ അവരുടെ M.Sc പ്രോഗ്രാമിന്റെ ഒരു ഘട്ടം CUSAT ൽ പൂർത്തീകരിക്കുകയുണ്ടായി.<br>• Shimane University-യും CUSAT-ും തമ്മിൽ ഒപ്പുവെച്ച MoU-ന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന Matsue Internship വഴിയും വിദ്യാർത്ഥികൾ വിദേശത്തു പഠനം നടത്തിവരുന്നു.<br>• Erasmas+ Daad തുടങ്ങിയ അന്താരാഷ്ട്ര പദ്ധതികൾ പ്രയോജനപ്പെടുത്തിയും വിദേശ വിദ്യാർത്ഥികളെ സർവ്വകലാശാലയിലേക്ക് ആകർഷിക്കുകയും ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കാനുള്ള അവസരം ഒരുക്കുകയും ചെയുന്നു.<br>• വിവിധ വിദേശ സർവകലാശാലകളുമായുള്ള സഹകരണം വഴി സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും, സംയുക്തമായി ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും കഴിയുന്നു. |
| (ഡി) | കലാലയങ്ങളും സർവകലാശാലകളും നൂറു ശതമാനം ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ സ്ഥിതിയെന്താണെന്നും അതുവഴി മാസ്സീവ് ഓപ്പൺ | (ഡി) | സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വിദ്യാർത്ഥിസേവനങ്ങൾ വേഗത്തിലാക്കുന്നതിനായി കെ-റീപ് എന്ന പേരിൽ ഒരു ഇ.ആർ.പി അടിസ്ഥിത |

| | | | |
|---|---|---|---|
| | ഓൺലൈൻ കോഴ്സുകൾക്കുള്ള സൗകര്യങ്ങൾ എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | | സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കെ-റീപ് സോഫ്റ്റ്‌വെയർ ഫ്രെയിംവർക്ക് എല്ലാ സർവകലാശാലകൾക്കും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സർവകലാശാലകൾക്കും ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ സർവകലാശാല നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യസെമസ്റ്ററിൽ തന്നെ കെ-റീപ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരീക്ഷ അടക്കം എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. നിലവിൽ രണ്ടാം സെമസ്റ്ററിലും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. കാലടി, മലയാളം സർവകലാശാലകളും രണ്ടാം സെമസ്റ്ററിൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല അവരുടെ ഇന്റഗ്രേറ്റഡ് ബിരുദ പ്രോഗ്രാമുകളിൽ കെ-റീപ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടു വയ്ക്കുന്ന ഫ്ളെക്സിബിൾ സെലക്ഷൻ, മേജർ മൈനർ മാറ്റങ്ങൾ വിവിധ സർവകലാശാലകളുടെയും, കോളേജുകളുടെയും ക്രെഡിറ്റുകൾ സംയോജിപ്പിച്ച് ബിരുദം നേടൽ, ക്രെഡിറ്റ് ട്രാൻസ്ഫർ, സർവകലാശാലാ മാറ്റം എന്നിവ നടപ്പിലാക്കാൻ കെ-റീപ് സംവിധാനം വളരെ ഫലപ്രദമാണ്. വിദ്യാർത്ഥികൾക്ക് ഈ കാര്യങ്ങളെല്ലാം അവരുടെ മൊബൈലിൽ ലഭ്യമാകുന്ന വിധത്തിലുള്ള മൊബൈൽ ആപ് സംവിധാനം വരെ ഉൾപ്പെടുത്തിയാണ് കെ-റീപ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾക്കുള്ള സൗകര്യങ്ങളും കെ-റീപ് സംവിധാനത്തിൽ ലഭ്യമാണ്. |
| (ഇ) | വിദേശ സർവകലാശാലകളുമായുള്ള സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ വഴി എത്രത്തോളം നേട്ടം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | Student Exchange Programme-കളുടെ ഭാഗമായി സർവകലാശാലകളിലെ വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിലേക്ക് വിവിധ ഗവേഷണ/പഠന സംബന്ധമായ പ്രോഗ്രാമുകളിൽ പങ്കെടുക്കുവാനും, സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും, സംയുക്തമായി ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും , അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷകരോട് സംവദിക്കുവാനും അവസരം ലഭിക്കുന്നു. ഇത് വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതകളും മുന്നോട്ടുള്ള ഗവേഷണ സാധ്യതകളും മെച്ചപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | University of Erfurt, Germany യുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ ഭാഗമായി 2022-'23 അക്കാദമിക വർഷത്തിൽ രണ്ടു വിദേശ വിദ്യാർത്ഥികളും 2023-'24 അക്കാദമിക വർഷത്തിൽ ഒരു വിദേശ വിദ്യാർത്ഥിയും കണ്ണൂർ സർവകലാശാലയുടെ വിവിധ വകുപ്പുകളിൽ പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ